# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3164 — 18.06.2019-ൽ മറുപടിയ്ക്ക്

### കായംകുളം ഫിഷിംഗ് ഹാർബറിലെ പുലിമുട്ടിന്റെ അറ്റകുറ്റപ്പണികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | കായംകുളം ഫിഷിംഗ് ഹാർബറിലെ തകർന്ന പുലിമുട്ടിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ടോ; അഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണ്ണും എക്കലും ഡ്രഡ്ജ് ചെയ്ത് നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കായംകുളം ഫിഷിംഗ് ഹാർബറിലെ തകർന്ന പുലിമുട്ടിന്റെ അറ്റകുറ്റ പണികൾക്കായി 844 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും സാങ്കേതിക അനുമതി നൽകി ഇ-ടെണ്ടർ ക്ഷണിക്കുകയുമുണ്ടായി. പ്രീ ക്വാളിഫിക്കേഷൻ കമ്മിറ്റി 11-06-19-ൽ കൂടിയിട്ടുണ്ട്. കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br>അഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണ്ണും എക്കലും ഡ്രഡ്ജ് ചെയ്ത് നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കായംകുളം ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ IREL മുഖേന നടപ്പിലാക്കുവാൻ ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ IREL-ന് സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുകയാണ്. |
| (ബി) | അഴിമുഖത്ത് സിഗ്നൽ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. |
| (സി) | മൺസൂൺ കാലത്ത് മത്സ്യബന്ധനത്തിന് പോകുന്ന ചെറുയാനങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | (സി) | ബോട്ടുകൾക്കും വള്ളങ്ങൾക്കും ഹാർബറിനുള്ളിൽ പ്രവേശിക്കുന്നതിനായി നിലവിൽ പുലിമുട്ടിന്റെ അഗ്രഭാഗത്ത് ചാനലിൽ ബോയ (BUOY) സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ